(സി) സ്മാർട്ട്സിറ്റി പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനം അറിയിക്കണമെന്നാവശ്യപ്പെട്ട് ടികോം അധികൃതർ സർക്കാരിന് കത്തയച്ചിരുന്നോ ;

(ഡി) എങ്കിൽ കത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സ്മാർട്ട്സിറ്റി പദ്ധതിയുടെ IT/ITeS ബിൽഡിംഗിന്റെ നിർമ്മാണം closing date-ന് ശേഷം 90 ദിവസത്തിനകം തുടങ്ങേണ്ടതും അതിന്റെ പൂർത്തീകരണം Development Plan അനുസരിച്ച് ചെയ്യേണ്ടതുമാണ്. സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ Clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റ് പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അത് സംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2010-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഇതിനിടെ നോർക്ക വൈസ് ചെയർമാനെ തുടർ ചർച്ചകൾക്ക് അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ പാട്ടക്കരാർ

41 (87) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദുബൈ ടീകോമുമായി സർക്കാർ ഉണ്ടാക്കിയ പാട്ടക്കരാർ ഇൻഡ്യൻ രജിസ്ട്രഷൻ ആക്ട് പ്രകാരം ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ;

(ബി) എന്നായിരുന്നു പ്രസ്തുത പാട്ടക്കരാർ ഒപ്പുവച്ചത് ;

(സി) പദ്ധതിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചത് എന്നായിരുന്നു ; അതിനുശേഷം പദ്ധതി പ്രദേശത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിക്കായി വൈദ്യുതി ബോർഡ് നൽകിയ 100 ഏക്കർ ഭൂമി അവർ ഇപ്പോൾ തിരികെ ആവശ്യപ്പെടുന്നുണ്ടോ ;

(ഇ) പ്രസ്തുത ഭൂമിയിൽ പവർഗ്രിഡ് കോർപ്പറേഷൻ ടവർ നിർമ്മാണത്തിനായി നിർമ്മിച്ച കരിങ്കൽ ഭിത്തി പൊളിച്ചു നീക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പ് അവർക്ക് നോട്ടീസ് നൽകുക യുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ ;

(എഫ്) പദ്ധതി സർക്കാർ ഉദ്ദേശിച്ചതു പോലെ പൂർത്തിയായിരുന്നെങ്കിൽ ഇതിനകം എത്ര പേർക്ക് തൊഴിൽ ലഭിക്കുമായിരുന്നു ;

(ജി) ഇതിനകം മൊത്തം എത്ര തവണ ഡയറക്ടർ ബോർഡ് യോഗം ചേരുകയുണ്ടായി ;

(എച്ച്) പദ്ധതി പ്രദേശമായ 246 ഏക്കറിന്റെ 12 ശതമാനം സ്വതന്ത്രാവകാശ ഭൂമി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ നിലനിൽക്കുന്ന അഭിപ്രായ ഭിന്നതയ്ക്ക് ഇതിനകം പരിഹാരം കാണുകയുണ്ടായോ ;

(ജെ) മധ്യസ്ഥ ശ്രമങ്ങൾക്ക് സർക്കാർ ഭാഗത്ത് നിന്ന് ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകുകയോ സമയപരിധി നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) സ്മാർട്ട്സിറ്റിയുമായി 15-11-2007, 29-7-2008 എന്നീ തീയതികളിൽ ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായി.

(സി) 16-11-2007-ൽ ശിലാസ്ഥാപനം നിർവ്വഹിച്ചു. ഇടച്ചിറ ഭാഗത്തു വരുന്ന 131.41 ഏക്കറിനു ചുറ്റും സ്മാർട്ട്സിറ്റി കൊച്ചി chain link fencing നിർമ്മിക്കുകയുണ്ടായി.

(ഡി) ആവശ്യപ്പെട്ടിട്ടില്ല.

(ഇ) പണി നിർത്തിവയ്ക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

(എഫ്) 10 വർഷം കൊണ്ട് 62,16,845 ച.അടി കെട്ടിടവും 90,000 ജോലിയുമാണ് വ്യവസ്ഥ. അതായത്, നാല് വർഷം കൊണ്ട് 14,36,480 ച.അടി. കെട്ടിടവും ആനുപാതികമായി 20,795 ജോലിയും ലഭിക്കണമായിരുന്നു. എന്നാൽ കഴിഞ്ഞ നാല് വർഷങ്ങളായി കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 10,000-ൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ജി) സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായതിനാൽ വിവരം സർക്കാരിൽ ലഭ്യമല്ല.

(എച്ച്) ചർച്ചകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പരിഹാരം കാണാനാവും എന്നുതന്നെയാണ് പ്രതീക്ഷ.

(ജെ) ഇല്ല.

സ്മാർട്ട്സിറ്റിയുടെ പ്രവർത്തനം

42 (88) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ പദ്ധതിയിട്ടിരുന്ന സ്മാർട്ട്സിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മുഖ്യമന്ത്രി എന്ത് തീരുമാനം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ബിസിനസ് റൂൾ അനുസരിച്ച് മുഖ്യമന്ത്രിയുടെ വകുപ്പായ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഒരു പദ്ധതിയായതിനാൽ ഇക്കാര്യത്തിൽ പ്രത്യേകം ചുമതലപ്പെടുത്തേണ്ട ആവശ്യമില്ല. ടീകോമുമായി ചർച്ച നടന്നു വരികയാണ്.

സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം

43 (89) ശ്രീ. എം. എം. മോനായി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ ജോർജ് എം. തോമസ് :
ശ്രീ സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ടീകോമിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ടീകോമുമായി ചർച്ച നടത്തുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ

LIBRARY ARCHIVES Kerala Legislative Assembly